വണ്ടിപ്പെരിയാർ, വഞ്ചിവയൽ ട്രൈബൽ സ്കൂളിന്റെ കെട്ടിടം പണി

88. [106] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലുംപെട്ട കുട്ടികൾ കൂടുതൽ പഠിക്കുന്ന വണ്ടിപ്പെരിയാർ വഞ്ചിവയൽ ട്രൈബൽ സ്കൂളിന് കെട്ടിടം പണിയുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം

ടി സ്കൂളിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ 50 % ത്തിൽ താഴെയാണ്. അതിനാൽ പ്രത്യേക ഘടക-പദ്ധതി പ്രകാരം കെട്ടിടം പണി ചെയ്യാൻ സാദ്ധ്യമല്ല. 1986-ലെ കാലവർഷക്കെടുതിയിൽപ്പെട്ട കെട്ടിടനിർമ്മാണം ആവശ്യമായിട്ടുള്ള സ്കൂളുകളുടെ ലിസ്റ്റിൽ ടി സ്കൂളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സ്കൂളുകൾക്ക് കെട്ടിടം പണിയുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

പഴയകുന്നുമ്മേൽ പഞ്ചായത്തിലെ അംഗീകരിക്കപ്പെട്ട ഹരിജൻ കോളനികൾ

89. [107] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പഴയകുന്നുമ്മേൽ പഞ്ചായത്തിൽ എത്ര ഹരിജൻ കോളനികൾ അംഗീകരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോളനി നിവാസികളുടെ സമുദ്ധാരണത്തിലേക്കു വേണ്ടി ഇതിനകം എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ആയതിലേക്കുവേണ്ടി ഈ ഗവൺമെന്റ് എന്ത് തുക ചെലവാക്കിയിട്ടുണ്ടെന്നും അതിന്റെ പ്രയോജനം എത്രപേർക്ക് ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ഈ വർഷത്തേക്ക് അവിടെ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിനുവേണ്ടി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നുംകൂടി വ്യക്തമാക്കാമോ ?

ഉത്തരം

(എ) അംഗീകൃത ഹരിജൻ കോളനികളൊന്നുമില്ല.
(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

പള്ളിക്കൽ പഞ്ചായത്തിലെ അംഗീകരിക്കപ്പെട്ട ഹരിജൻ കോളനികൾ

90. [108] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിൽ എത്ര ഹരിജൻ കോളനികൾ അംഗീകരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അവിടങ്ങളിലെ ഹരിജനങ്ങൾ എത്രയാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോളനി നിവാസികളുടെ ക്ഷേമത്തിനുവേണ്ടി ഈ ഗവൺമെന്റ് ഇതിനകം എന്തെങ്കിലും ക്ഷേമപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും അതിനുവേണ്ടി എന്ത് തുക ചെലവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത പദ്ധതികളുടെ പ്രയോജനങ്ങൾ ഏതെല്ലാം വിധത്തിൽ എത്ര പേർക്ക് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ വർഷത്തിൽ എന്തെല്ലാം പദ്ധതികളാണ് ഇവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിനുവേണ്ടി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നും അതിന്റെ പ്രയോജനം എത്രപേർക്ക് എന്തെല്ലാം വിധത്തിൽ ഉണ്ടാകുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) പള്ളിക്കൽ പഞ്ചായത്തിൽ അംഗീകൃത ഹരിജൻ കോളനികളൊന്നുമില്ല.

(ബി, സി, ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

മുദാക്കൽ പഞ്ചായത്തിലെ ഹരിജൻ കോളനികൾ

91. [109] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ മണ്ഡലത്തിൽ മുദാക്കൽ പഞ്ചായത്തിൽ എത്ര ഹരിജൻ കോളനികൾ അംഗീകരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോളനി നിവാസികളുടെ ക്ഷേമത്തിനുവേണ്ടി ഈ ഗവൺമെന്റ് ഇതിനാലകം എന്തെങ്കിലും ക്ഷേമപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും ആയതിലേക്കുവേണ്ടി ഇതിനാലകം എന്ത് തുക ചെലവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾ എത്രപേർക്ക് പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ വർഷത്തേക്കുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും ആയതിലേക്കുവേണ്ടി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നുംകൂടി വ്യക്തമാക്കാമോ ?

ഉത്തരം

(എ) മുദാക്കൽ പഞ്ചായത്തിൽ അംഗീകൃത ഹരിജൻ കോളനികൾ ഇല്ല.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

കരവാരം പഞ്ചായത്തിലെ ഹരിജൻ കോളനികൾ

92. [110] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ മണ്ഡലത്തിൽ കരവാരം പഞ്ചായത്തിൽ എത്ര ഹരിജൻ കോളനികൾ അംഗീകരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോളനി നിവാസികളുടെ ക്ഷേമത്തിനുവേണ്ടി ഈ ഗവൺമെന്റ് ഇതിനാലകം എന്തെങ്കിലും ക്ഷേമപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും ആയതിലേക്കുവേണ്ടി ഇതിനാലകം എന്ത് തുക ചെലവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾ എത്രപേർക്ക് പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ വർഷത്തേക്കുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിലേക്കുവേണ്ടി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly